പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: **3070**

13.10.2011 ൽ മറുപടിയ്ക്ക്

## സിസ്റ്റർ മേരി ആൻസിയുടെ മരണം സംബന്ധിച്ച് അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>" കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>" ആർ. സെൽവരാജ്<br>" വി. ശിവൻകുട്ടി | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പൂങ്കുളം കോൺവെന്റിലെ സിസ്റ്റർ മേരി ആൻസിയെ ഭൂഗർഭജല സംഭരണിയിൽ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവം സംബന്ധിച്ച് പോലീസ് അന്വേഷണം നടക്കുന്നുണ്ടോ ; കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ) കോവളം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 702/2011 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ആദ്യം ഈ കേസിൽ അന്വേഷണം വിഴിഞ്ഞം ഇൻസ്പെക്ടർ നടത്തിയിട്ടുള്ളതും, തുടർന്ന് കൂടുതൽ അന്വേഷണത്തിനായി കേസ് ഫോർട്ട് അസിസ്റ്റന്റ് കമ്മീഷണറെ ചുമതലപ്പെടുത്തുകയും അതുപ്രകാരം അന്വേഷണം തുടർന്നു വരികയുമാണ്. |
| (ബി) ഏതെങ്കിലും കുറ്റവാളിയെ കണ്ടെത്തിയിട്ടുണ്ടോ ; ആരെയെങ്കിലും അറസ്റ്റ് ചെയ്യുകയുണ്ടായോ; എത്ര പേരെ ചോദ്യം ചെയ്യുകയുണ്ടായി ; | (ബി) കുറ്റവാളികളെ കണ്ടെത്തുകയോ അറസ്റ്റ് ചെയ്യുകയോ ഉണ്ടായിട്ടില്ല. നാളിതുവരെ എഴുപതോളം പേരെ കണ്ട് അന്വേഷണം നടത്തിയിട്ടുള്ളതാണ്. |

| | |
|---|---|
| സിസ്റ്റർ മേരിയുടെ രക്ഷിതാക്കൾ (സി) പോലീസ് അന്വേഷണം സംബന്ധിച്ച് ഉന്നയിച്ച പരാതികൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ? | മരണപ്പെട്ട സിസ്റ്റർ മേരി ആൻസിയുടെ പിതാവായ ശ്രീ. മത്തായി ഫിലിപ്പ് നൽകിയിട്ടുള്ള പരാതികളിൽ അദ്ദേഹത്തിന്റെ മകളായ സിസ്റ്റർ മേരി ആൻസി ആത്മഹത്യ ചെയ്യേണ്ട സാഹചര്യം നിലവിലില്ലായെന്നും, സിസ്റ്റർ മേരി ആൻസിയുടെ മരണത്തിൽ സംശയം ഉണ്ടെന്നും, അവരെ ആസൂത്രിതമായി കൊല ചെയ്തതാകാമെന്ന് വിശ്വസിക്കുന്നുവെന്നും, ഇതുമായി ബന്ധപ്പെട്ട് കോവളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 702/2011 കേസിലേയ്ക്ക് മൊഴി നൽകിയ ഫാദർ ആന്റണി റെബല്ലോ വിദേശത്ത് പോകാൻ തയ്യാറെടുക്കുകയാണെന്ന വിവരം കിട്ടിയിട്ടുണ്ടെന്നും ആയതിനാൽ കുറ്റവാളികൾക്ക് രക്ഷപ്പെടാൻ അവസരം നൽകാത്ത രീതിയിൽ അന്വേഷണം നടത്തണമെന്നുമാണ് പറഞ്ഞിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ